

ആദിവാസികളുടെ പാരമ്പര്യ ആരാധനാ മൂർത്തികൾ

കവർസ്റ്റോറി

**ഹാദി**

# ആദിവാസികളെ കാവിവൽക്കരിക്കുമ്പോൾ

> **ആര്യബ്രാഹ്മണിക ഹിന്ദുമതത്തിന്റെ ഭാഗമല്ലാതിരുന്ന, ആദിമ ദ്രാവിഡരിൽപെട്ട ആദിവാസികളെ വിശാല ഹിന്ദു കാൻവാസിൽ അണിനിരത്താൻ ശ്രമിക്കുന്ന സംഘ്പരിവാർ യഥാർഥത്തിൽ ആദിവാസികളെ മതപരിവർത്തനം നടത്തുകയാണ്. ഇസ്‌ലാമിലേക്കും ക്രിസ്തുമതത്തിലേക്കുമുള്ള പരിവർത്തനം പോലെതന്നെ ആദിവാസികളെ ആര്യ-ബ്രാഹ്മണിക ഹിന്ദുമതത്തിൽ ചേർക്കുന്നതും മതപരിവർത്തനം തന്നെയാണ്. അധിനിവേശകാലത്ത് ആര്യ ബ്രാഹ്മണ ഹിന്ദുമതക്കാർ കാട്ടിലേക്ക് ആട്ടിയോടിച്ചവരുടെ പിൻതലമുറയാണ് ഇന്നത്തെ ആദിവാസികൾ.**

**സംഘ്പരിവാറിന്റെ** ചാണക്യതന്ത്രങ്ങൾ ആസൂത്രണം ചെയ്യുന്നത് ബഹളമയമല്ലാത്ത പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം നേടാവുന്ന പദ്ധതികളാണ്. ചരിത്രം അവരുടെ കൈയിലെ വലിയൊരു ആയുധമാണ്. സവർണപരിവാർ പ്രതികളാകുന്ന, ചരിത്രത്തിലെ പൊള്ളുന്ന യാഥാർഥ്യങ്ങളെ മായ്ച്ചുകളഞ്ഞും മറച്ചുവെച്ചും മാറ്റി എഴുതിയും അവർ ചരിത്രത്തെ ഒരു അസംസ്കൃത പദാർഥമായി ഉപയോഗിക്കുന്നു. സമൂഹമനസ്സിനെ ആഴത്തിൽ സ്വാധീനിക്കാനും വർഗീയവൽക്കരിക്കാനും ചില വിഭാഗങ്ങളെ പകയോടെ കാണാനുള്ള മാനസികാവസ്ഥ സൃഷ്ടിക്കാനും അതുവഴി എളുപ്പം സാധിക്കുന്നു. ആര്യാധിനിവേശത്തെയും അവർ നടത്തിയ മതപരിവർത്തനത്തെയും നിരാകരിക്കുന്നതും മുസ്‌ലിം-ക്രിസ്ത്യൻ ആഗമനത്തെയും ഇസ്‌ലാമിലേക്കും ക്രിസ്തുമതത്തിലേക്കും നടന്ന മതപരിവർത്തനത്തെയും പൊലിപ്പിച്ച് അവതരിപ്പിക്കുന്നതും അതിന്റെ ഭാഗമാണ്. സമൂഹത്തിന്റെ ചരിത്രബോധമില്ലായ്മ സംഘ്പരിവാറിന് കാര്യങ്ങൾ എളുപ്പമാക്കിക്കൊടുക്കുന്നു.

ആദിവാസികളുമായി ബന്ധപ്പെട്ട് സമീപകാലത്ത് ഉയർന്നുവന്ന ചർച്ചകളും മതപരിവർത്തന വിവാദവും ഈ ഒരു പശ്ചാത്തലത്തിൽ നിന്നുകൊണ്ടു കൂടി വേണം വിലയിരുത്താൻ. ആര്യബ്രാഹ്മണിക ഹിന്ദുമതത്തിന്റെ ഭാഗമല്ലാതിരുന്ന, ആദിമ ദ്രാവിഡരിൽപെട്ട ആദിവാസികളെ വിശാല ഹിന്ദു കാൻവാസിൽ അണിനിരത്താൻ ശ്രമിക്കുന്ന സംഘ്പരിവാർ യഥാർഥത്തിൽ ആദിവാസികളെ മതപരിവർത്തനം നടത്തുകയാണ്. ഇസ്‌ലാമിലേക്കും ക്രിസ്തുമതത്തിലേക്കുമുള്ള പരിവർത്തനം പോലെതന്നെ ആദിവാസിക

ളെ ആര്യ-ബ്രാഹ്മണിക ഹിന്ദുമതത്തിൽ ചേർക്കുന്നതും മതപരിവർത്തനം തന്നെയാണ്. അധിനിവേശകാലത്ത് ആര്യ ബ്രാഹ്മണ ഹിന്ദുമതക്കാർ കാട്ടിലേക്ക് ആട്ടിയോടിച്ചവരുടെ പിൻതലമുറയാണ് ഇന്നത്തെ ആദിവാസികൾ. ഇന്നിപ്പോൾ ആദിവാസികളെ കാവിവൽക്കരിച്ച്, വർഗീയ വിഷം കുത്തിവെച്ച് മതന്യൂനപക്ഷങ്ങൾക്കെതിരെ രംഗത്തിറക്കുമ്പോൾ, സംഘ്പരിവാറിന്റെ കൈയിലെ ആയുധങ്ങളായി അവർ മാറുകയാണ്. ഇന്ത്യയിലുടനീളം ഗോത്രവർഗ മേഖലകളിൽ വിവിധ ഏജൻസികളെ ഉപയോഗിച്ച് സംഘ്പരിവാർ നടത്തിക്കൊണ്ടിരിക്കുന്ന കാവിവൽക്കരണ പ്രക്രിയ അതിദ്രുതം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ആരാണ് ആദിവാസികൾ? അവരെങ്ങനെ വനവാസികളായി? അവരുടെ മതമേതാണ്? ആദിവാസികളെ എങ്ങനെയാണ് സംഘ്പരിവാർ വർഗീയവൽക്കരിക്കുന്നത്? എന്താണതിന്റെ അനന്തരഫലം? ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം അന്വേഷിക്കുകയാണ് ഈ ലേഖനത്തിൽ. ആധികാരിക ചരിത്രഗ്രന്ഥങ്ങളും വിവിധ ഏജൻസികളുടെ പഠനറിപ്പോർട്ടുകളുമാണ് അവലംബം.

## ആദിവാസികൾ

ആദിവാസികൾ എന്ന പദം കൊണ്ട് അർഥമാക്കുന്നത് 'സ്വദേശികൾ' (indigenous people), 'യഥാർഥ നിവാസികൾ' (original inhabitants) എന്നൊക്കെയാണ്. അതായത് ഓരോ രാജ്യത്തെയും ആദിമ നിവാസികളായ തദ്ദേശീയരാണ് ആദിവാസികൾ. ഭരണഘടനാപരമായി 'പട്ടികവർഗക്കാർ' (Scheduled Tribes) ആദിവാസികളാണ്. യഥാർഥത്തിൽ 'ആദിവാസികൾ' എന്ന പദത്തിന്റെ ആശയത്തെ കുറിക്കുന്നതല്ല 'പട്ടിക വർഗങ്ങൾ' എന്ന പ്രയോഗം.

ഔദ്യോഗിക കണക്കനുസരിച്ച് ഇന്ത്യയിലുള്ള 5653 സമുദായങ്ങളിൽ (community) 635 എണ്ണം ആദിവാസികളാണ്. 2001ലെ സെൻസസനുസരിച്ച് ഇന്ത്യയിൽ 84 മില്യൻ ആദിവാസികളുണ്ട്. ജനസംഖ്യയുടെ 8.02 ശതമാനം വരുമിത്. ലോകത്ത് ഏറ്റവുമധികം ആദിവാസികളുള്ള രാജ്യമാണ് ഇന്ത്യ. ഈ ഭൂപ്രദേശത്തിന്റെ യഥാർഥ ഉടമകളും ആദിമനിവാസികളുമായിരുന്നു പേരു സൂചിപ്പിക്കുന്നപോലെ ആദിവാസികൾ. അവർ മലമുകളിലും കാടുകളിലും വസിക്കുന്ന അപരിഷ്കൃതരായിരുന്നില്ല. ആര്യാധിനിവേശത്തോടെ പീഡനങ്ങൾക്കിരയാവുകയും ആട്ടിയോടിക്കപ്പെടുകയും ചെയ്തപ്പോൾ കാടുകളിലും ഗിരിനിരകളിലും അഭയം തേടിയവരാണ് ഇന്നത്തെ ആദിവാസികളുടെ പൂർവികർ. ആര്യന്മാരാൽ കൈയേറ്റം ചെയ്യപ്പെട്ട, കാടുകളിലേക്ക് രക്ഷതേടിപ്പോയവർ തിരിച്ചുവരാനാകാതെ കാട്ടിൽതന്നെ താമസിക്കുകയും അവരുടെ അടുത്ത തലമുറകൾ വനവാസികളായി മാറുകയുമാണുണ്ടായത്. ഇന്ന് നാം കാണുന്ന ആദിവാസികളെ സൃഷ്ടിച്ചത് ആര്യാധിനിവേശമാണെന്നർഥം. ആര്യ സവർണ ജാതിക്കാരുടെ നിരന്തര പീഡനങ്ങളാണ് അവർക്ക് അനുഭവിക്കേണ്ടി വന്നത്. അതുകൊണ്ടുതന്നെ ബ്രാഹ്മണിക അധികാര ശ്രേണികളോടും ഫ്യൂഡൽ ഭരണാധികാരികളോടും കലഹിക്കുകയും അകന്നുനിൽക്കുകയും ചെയ്തു അവർ. നൂറ്റാണ്ടുകളോളം അങ്ങനെയായിരുന്നു ആദിവാസി ജീവിതം. രാമായണത്തിലും മഹാഭാരതത്തിലും പുരാണങ്ങളിലും 'ഗിരിവർഗക്കാരും' (Tribes) 'ഹിന്ദുക്കളും' തമ്മിൽ നടന്ന യുദ്ധങ്ങളുടെ വിവരണങ്ങളുണ്ട് (The Adivasis of India- A History of Discrimination, Conflict and Resistance - by C.R Bijoy, Core Committee of All India Co-ordinating Forum of Adivasis- PUCL Bulletin, February 2003, www.pucl.org).

## വിവിധ വർഗങ്ങൾ

ഹിമാലയത്തിന്റെയും വിന്ധ്യാ-സത്പുരാ, ആരവല്ലി എന്നീ മധ്യേന്ത്യൻ പർവതങ്ങളുടെയും പശ്ചിമപൂർവ ഘട്ടങ്ങളുടെ ചരിവുകളിലും കൊടുമുടികളിലും താഴ്വരകളിലുമാണ് ഇന്ന് ആദിവാസികൾ പ്രധാനമായും താമസിക്കുന്നത്. ഇവരിലധിക പേരും ദ്രാവിഡ-ഓസ്ട്രിക് - മംഗളോയിഡ് വിഭാഗത്തിൽ പെട്ടവരാണ്. ഇവരുടെ അധിവാസ മേഖലകളെ പ്രധാനമായും നാലായി വിഭജിക്കാം.

1. **വടക്കു കിഴക്കൻ മേഖല:** മണിപ്പൂർ, ത്രിപുര, ആസാം, ബംഗാൾ, ഒറീസ എന്നിവയാണീ മേഖല. ആസാമിലും ഒറീസയിലുമാണ് ആദിവാസികൾ ധാരാളമായി താമസിക്കുന്നത്. നാഗന്മാർ, കുക്കികൾ, ലൂഷായികൾ, ചക്കുമ, ഗുറൂംഗ്, അബോർമീറി, മിഷ്മി, മികിർ, ഖാസി, ഗാരോ, ഒറവോൺ, സാന്താൾ, ഹോ, ഭ്രൂമിഞ്ച്, ബീയാൻ, ജൂവാങ്, കണ്ട് സവാറ തുടങ്ങിയവരാണീ മേഖലയിലെ വിഭാഗങ്ങൾ.

2. **മധ്യമേഖല:** വിന്ധ്യ-സത്പുര മലനിലകളാണിത്. മധ്യപ്രദേശിലെ വിന്ധ്യാ പ്രദേശത്തും ആന്ധ്രയിലെ പഴയ ഹൈദറാബാദ് പ്രദേശങ്ങളിലും കാണപ്പെടുന്ന വിഭാഗമാണ് ഗോണ്ടുകൾ. ഭാഷപരമായി അവർ ദ്രാവിഡരാണ്.

3. **പടിഞ്ഞാറൻ മധ്യമേഖല:** മഹാരാഷ്ട്ര, ഗുജറാത്ത്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലെ ഗിരിനിരകളാണിത്. രണ്ടാം മേഖലയുടെ തുടർച്ചയാണിതെന്നു പറയാം. ദീലുകൾ, ദിലാലർ, പൊർലികൾ, ഗോണ്ടുകൾ, കോലികൾ എന്നിവരാണീ മേഖലയിലെ പ്രധാന വിഭാഗങ്ങൾ.

4. **ദക്ഷിണമേഖല:** പശ്ചിമഘട്ടങ്ങളുടെ മലമ്പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് ദക്ഷിണമേഖല. കർണാടക, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിലെ ഗിരിവർഗക്കാർക്ക് ഏതാണ്ടൊരു ഐകരൂപ്യം ഉണ്ട്. ഇന്ത്യയിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ചില ആദിവാസികൾ ഈ മേഖലയിലാണ്. നീലഗിരിയും അട്ടപ്പാടിയും വയനാടും ആദിവാസികളുടെ പ്രധാന കേന്ദ്രങ്ങളാണ്. തോടർ, പണിയർ, കുറിച്യർ, കുറുമർ, പാണർ, ഉരുളർ, മുഡുഗർ, മുതുവാന്മാർ, കാണിക്കർ, കാടർ, മലപ്പണ്ടാരങ്ങൾ, ബഡഗർ, കുറഗർ എന്നിവരാണിവിടത്തെ പ്രധാന വിഭാഗങ്ങൾ. ഇവരെല്ലാം ദ്രാവിഡരാണ്.

കേരളത്തിൽ വയനാട്, കണ്ണൂർ, കോഴിക്കോട്, പാലക്കാട്, മലപ്പുറം, തൃശൂർ, എറണാകുളം, കോട്ടയം, കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിലാണ് ആദിവാസികളുള്ളത്. ഇതിൽ മലബാറിലെ വയനാട്-അട്ടപ്പാടി താലൂക്കുകളിലാണ് ആദിവാസികൾ പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത്. 47 ആദിവാസി വർഗങ്ങളാണ് ഇവിടെയുള്ളത്. പണിയർ, കുറിച്യർ, മുള്ളുവകുറുമർ, ഊരാളികുറുമർ, പാണർ, കാട്ടുനായ്ക്കർ, അടിയാന്മാർ, കാടർ, കനലാടികർ, കണ്ടുവടിയർ, വയനാടൻ പുലയർ, തച്ചനാടൻ മൂപ്പന്മാർ, പതിയാർ, ഉറിഡവർ, ചെട്ടികർ, ഇരുളർ, മുഡുഗർ, കുറുമ്പർ കൊറഗർ, മലവേട്ടുവർ, കരിമ്പാലർ, അരണാടർ, മലപ്പണിക്കാർ, ആളാർ, എരപാലന്മാർ, മലസർ, മലയർ, വീഴവൻ, മലയരയർ, മുതുവാന്മാർ, പണിയന്മാർ, ഉള്ളാടർ, കൊച്ചുവേലർ, മലയടിയാർ, മലവേടർ, നായാടികൾ തുടങ്ങിയവരാണ് പ്രധാന വിഭാഗങ്ങൾ.

പാർശ്വവത്കൃതരും ചൂഷിതരുമായ ഇന്ത്യയിലെ ആദിവാസികൾ പല തരത്തിലുള്ള ക്രൂരതകൾക്കും കൈയേറ്റങ്ങൾക്കും ഇരകളായിത്തീരുന്നു. ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സർവമേഖലകളി

ലും അങ്ങേയറ്റം പിന്നാക്കക്കാരായ ഗിരിവർഗക്കാർ ദുരിതങ്ങൾക്കുമേൽ ദുരിതം പേറിയാണ് ജീവിക്കുന്നത്. ആദിവാസി ക്ഷേമത്തിനുവേണ്ടി കോടികളുടെ ഫണ്ടാണ് കേന്ദ്ര ഗവൺമെന്റും സംസ്ഥാന സർക്കാറുകളും വകയിരുത്തുന്നതെങ്കിലും, ആസൂത്രണമില്ലാത്ത പദ്ധതി നടത്തിപ്പും അഴിമതിയും കെടുകാര്യസ്ഥതയും അതെല്ലാം നിഷ്ഫലമാക്കുന്നു. ഓരോ ആദിവാസി പദ്ധതിയും രാഷ്ട്രീയക്കാർക്കും ഉദ്യോഗസ്ഥർക്കും ചാകരയായി മാറുന്നു. ഇപ്പോൾ സംഘ്പരിവാർ നടത്തുന്ന കാവിവൽക്കരണവും ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനങ്ങളും അവയോടുള്ള എതിർപ്പുകളും ആദിവാസി മേഖലയെ മറ്റൊരു വിവാദവിഷയമാക്കിയിരിക്കുന്നു.

## ആദിവാസികളല്ല വനവാസികൾ

ആദിവാസികളെ കാവിവത്കരിക്കാനിറങ്ങിയ സംഘ്പരിവാർ ഉയർത്തിയ പ്രധാനപ്പെട്ട വാദമാണ് ഗിരിവർഗക്കാർ (Scheduled Tribes) 'ആദിവാസി'കളല്ല, 'വനവാസി'കളാണ് എന്നത്. 'ഗിരിവർഗക്കാരെ ആദിവാസികൾ എന്ന് വിളിക്കരുത്. വനവാസികൾ എന്നേ പറയാവൂ. ഇന്ത്യയിൽ പടയോട്ടം നടത്തിയ മുസ്‌ലിം ഭരണാധികാരികളുടെയും ഇന്ത്യ ഭരിച്ച ബ്രിട്ടീഷ് ക്രിസ്ത്യൻ സാമ്രാജ്യത്വത്തിന്റെയും ആക്രമണങ്ങളും നിർബന്ധിത മതപരിവർത്തനവും ഭയന്ന് കാട്ടിൽ അഭയം തേടിയവരാണവർ.' ഇതാണ് സംഘ് വാദം. 'നിങ്ങൾ ഇന്ന് അനുഭവിക്കുന്ന ദുരിതങ്ങൾക്കെല്ലാം കാരണം മുസ്‌ലിംകളും ക്രൈസ്തവരുമാണ്. അതുകൊണ്ട് അവരെ നേരിട്ടാൽ മാത്രമേ നിങ്ങൾക്ക് പുരോഗതിയുണ്ടാകൂ. രാമന്റെ ശത്രുവായിരുന്നു രാവണൻ. അതുപോലെ ഹിന്ദുക്കളുടെ ശത്രുക്കളാണ് മുസ്‌ലിംകളും ക്രിസ്ത്യാനികളും. രാമൻ രാവണനെ കൊന്നപോലെ മുസ്‌ലിംകളെയും ക്രിസ്ത്യാനികളെയും നശിപ്പിക്കണം' -സംഘ് പരിവാർ ആദിവാസികളിൽ കുത്തിവെക്കുന്ന വർഗീയവിഷത്തിന്റെ ഒരു ഉദാഹരണമാണിത്.

ആദിവാസികൾക്കിടയിൽ പ്രവർത്തിക്കാൻ സംഘ്നേതൃത്വം രൂപംകൊടുത്ത പോഷക ഘടകങ്ങൾ 'വനവാസി' എന്ന പേരുപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. 'വനവാസി കല്യാൺ ആശ്രം', 'വനവാസി കല്യാൺ പരിഷത്ത്', 'വനവാസി വികാസ് കേന്ദ്രം' തുടങ്ങിയവ ഉദാഹരണം.

ഒരു വെടിക്ക് ഒരുപാടു പക്ഷികളെ വീഴ്ത്താനുള്ള സംഘ് തന്ത്രമാണ് ഈ പേരുമാറ്റം.

1. ആദിവാസികൾ എന്ന് പേര് പറയുമ്പോൾ അവർ ഇവിടത്തെ 'ആദ്യത്തെ നിവാസി'കളാണെന്നാണ് അർഥം. അപ്പോൾ സ്വാഭാവികമായും ചോദ്യം ഉയരുന്നു: രണ്ടാമതുവന്നവർ ആരായിരുന്നു? ആദിവാസികളെ വനവാസികളാക്കിയതാര്? ഇതിന് ഉത്തരം കണ്ടെത്തിയാൽ സവർണ മേൽജാതിക്കാരുടെ ആദിവാസിവിരുദ്ധ മുഖം പുറത്തുവരും. ഇതിന്റെ ക്ഷീണം സംഘ്പരിവാറിനാണ്.

2. ആര്യാധിനിവേശത്തെ നിരാകരിക്കാനും ആദിവാസികളെ ആട്ടിയോടിച്ചത് മുസ്‌ലിംകളും ബ്രിട്ടീഷ് ക്രൈസ്തവ സാമ്രാജ്യത്വവുമാണ് എന്ന് വരുത്താനും കഴിയും.

3. ഹിന്ദു ബ്രാഹ്മണ്യത ആദിവാസികളോടും ദലിതരോടും കാണിച്ച ക്രൂരതകൾ മറച്ചുവെക്കാം. 'അകത്തുള്ള' ശത്രുക്കളുടെ അപരാധം പുറത്തുനിന്ന് വന്നവരെന്ന് പറയുന്നവരിൽ കെട്ടിവെക്കാം.

4. ആദിവാസികളെ സവർണ ഹിന്ദുമതത്തിന്റെ ഭാഗമാക്കി മാറ്റാം. അതുവഴി, ക്രിസ്തുമതത്തിലേക്കും ഇസ്‌ലാമിലേക്കും പരിവർത്തനം ചെയ്ത ആദിവാസികളെ ഹിന്ദുമതത്തിലേക്ക് പരിവർത്തിപ്പിക്കാനുള്ള സംഘ്ശ്രമങ്ങൾ മതപരിവർത്തനമല്ല, പൂർവ മതത്തിലേക്കുള്ള തിരിച്ചുപോക്ക് (ഘർ വാപ്പസീ-Back to Home) ആയി ചിത്രീകരിക്കാം.

5. ആദിവാസികൾക്കിടയിൽ പ്രവർത്തിക്കുന്ന ക്രിസ്ത്യാനികളെ വിദേശീയരും ശത്രുക്കളുമായി ചിത്രീകരിച്ച് ആക്രമിക്കാം, ആട്ടിയോടിക്കാം. അതോടെ മിഷണറി പ്രവർത്തകരുടെ കൈയാൽ പുരോഗതി നേടുന്ന ആദിവാസികളുടെ വളർച്ച തടയാനും, അവരെ എന്നെന്നും പിന്നാക്കക്കാരാക്കി നിർത്തി ചൂഷണം ചെയ്യാനും സവർണർക്ക് കഴിയും. ആദിവാസിമേഖലയിൽ പ്രവർത്തിക്കുന്ന ക്രിസ്ത്യാനികൾക്കെതിരായ ആക്രമണത്തിന്റെ ഒരു കാരണം ജാതിമേധാവിത്വം തകരുമോ എന്ന ഭയമാണ്.

(Adivasis: A Cultural Co option, By Rampuniyani-Counter Currents.org 2008 April -06)

## ആദിവാസികൾ ഹിന്ദുക്കളോ?

സമകാലിക രാഷ്ട്രീയ-സാമൂഹിക സാഹചര്യത്തിൽ വളരെയേറെ പ്രാധാന്യമർഹിക്കുന്ന ചോദ്യമാണ് ആദിവാസികൾ ഹിന്ദുക്കളാണോ എന്നത്. വിശാല ഹിന്ദു കാൻവാസ് നിർമിച്ച് മുസ്‌ലിം, ക്രിസ്ത്യൻ, കമ്യൂണിസ്റ്റ് വിഭാഗങ്ങളൊഴികെയുള്ളവരെയെല്ലാം അതിൽ അണിനിരത്താനാണ് സംഘ്പരിവാർ കൊണ്ടുപിടിച്ച് ശ്രമിക്കുന്നത്. തങ്ങൾ പ്രതിനിധാനം ചെയ്യുന്ന സവർണ ഹിന്ദുമതത്തിന്റെ ഭാഗം തന്നെയാണ് ആദിവാസികൾ എന്ന് സ്ഥാപിക്കാനാണ് അവരുടെ ഉദ്യമം.

'ഹിന്ദു' എന്ന പ്രയോഗത്തെയും ഇന്ന് അറിയപ്പെടുന്ന ഹിന്ദുമതത്തെയും കുറിച്ച ധാരാളം ചർച്ചകൾ നടന്നിട്ടുണ്ട്. സിന്ധുനദിക്കരയിൽ താമസിക്കുന്നവരെ വിളിക്കാൻ അറബികളും പേർഷ്യക്കാരും ഉപയോഗിച്ച പദമാണ് 'ഹിന്ദു'. അതിന് മതപരമായ മാനമില്ല, ഭൂമിശാസ്ത്രപരമായ തലങ്ങളേയുള്ളൂ. അതിനെ മതത്തിലേക്ക് ചേർത്ത് 'ഹിന്ദുമത'മാക്കിയത് പിൽക്കാലത്താണ്. ഈ ഭൂപ്രദേശത്ത് താമസിച്ചിരുന്നവർക്ക് അനേകം ദൈവങ്ങളും പലതരം വിശ്വാസങ്ങളും വിഭിന്നമായ ആരാധനാരീതികളുമാണ് ഉണ്ടായിരുന്നത്. ഇന്ത്യ തന്നെയും മുഗൾ-ബ്രിട്ടീഷ് ഭരണകാലം വരെ 'ഒരു ഏകീകൃത രാജ്യം' ആയിരുന്നില്ല' എന്നിരിക്കെ ഇവിടെ ഒരു 'ഏകീകൃത ഹിന്ദുമതം' ഉണ്ടായിരുന്നുവെന്ന് പറയാനാവില്ല. ഭൂരിപക്ഷം ചരിത്രകാരന്മാരും അംഗീകരിച്ചിട്ടുള്ള വസ്തുതയാണിത്.

ഇവിടത്തെ ആദിമ നിവാസികളായ ദ്രാവിഡരെ തകർത്തെറിയുകയും ആട്ടിയോടിക്കുകയും ചെയ്ത ആര്യാധിനിവേശാനന്തരം രൂപപ്പെടുത്തിയതാണ് ആര്യ ബ്രാഹ്മണിക ഹിന്ദുമതം. ആദിവാസികൾ ഒരിക്കലും ഈ ആര്യബ്രാഹ്മണിക ഹിന്ദുമതത്തിന്റെ ഭാഗമായിരുന്നില്ല. അനേകം തെളിവുകളുടെ പിൻബലമുള്ളതാണീ വസ്തുത.

1. വിശ്വാസം, ദൈവസങ്കൽപം, ആരാധന രീതികൾ, ആചാരങ്ങൾ, സാമൂഹികഘടന തുടങ്ങിയവയിലെല്ലാം ആര്യ ബ്രാഹ്മണിക ഹിന്ദുമതവും ആദിവാസി മതവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കാരണം, ആദിവാസികൾ ഹിന്ദുക്കളല്ല എന്നതുതന്നെ. ആദിവാസികളുടെ ആരാധനാ സ്ഥലം തുറന്നുകിടക്കുന്നതാണ്. നാല് ചുവരുകളും മേൽകൂരയുമുള്ള ക്ഷേത്രം നിർമിക്കുക ആദിമകാലത്ത് ആദിവാസികളുടെ രീതിയായിരുന്നില്ല. ഏതെങ്കിലും ഒരു മരത്തിനു ചുവട്ടിൽ ഒരു പുണ്യശില സ്ഥാപിച്ച് പൂജിക്കലായിരുന്നു അവരുടെ രീതി. പ്രകൃതി പ്രതിഭാസങ്ങൾ തന്നെയായിരുന്നു ആദിവാസി

കളുടെ ദൈവങ്ങളിലധികവും. മൃഗങ്ങൾ, ചെടികൾ, വൃക്ഷങ്ങൾ, ഉപകാരമുള്ള സ്ഥലങ്ങൾ, മഴ, പർവതം, ചന്ദ്രൻ, കടുവ, പാമ്പ്, ധാന്യം, കാറ്റ്, കാട് തുടങ്ങിയ അനേകം പ്രാപഞ്ചിക വസ്തുക്കളായിരുന്നു അവരുടെ ആരാധനാ മൂർത്തികൾ. ബ്രാഹ്മണിക ഹിന്ദുമത ദൈവങ്ങളും ആരാധനകളും പിന്നീട് അവരിൽ അധിനിവേശം ചെയ്യപ്പെട്ടതാണ് (Untold Story of Hidukaran-Proselytisation of Adivasi-Tribal in Dang P. 10). ഇതും മതപരിവർത്തനം (proselytisation) തന്നെയാണ്.

2. ആര്യബ്രാഹ്മണിക ഹിന്ദുമതം ചാതുർവർണ്യത്തിലധിഷ്ഠിതമാണ്. ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നിങ്ങനെ നാല് ജാതികളുള്ള വർണാശ്രമ വ്യവസ്ഥക്ക് പുറത്തുള്ളവരാണ് 'അവർണർ.' നാലു ജാതിക്കുള്ളിലുള്ളവരാണ് 'ഹിന്ദുക്കൾ'. എന്നാൽ നാലാമത്തേതും ഏറ്റവും താഴ്ന്നതുമായ ശൂദ്ര ജാതി കഴിഞ്ഞാൽ അനേകം ജന വിഭാഗങ്ങളുണ്ട്. അവർ ഹിന്ദുമത വൃത്തത്തിന് പുറത്താണ്. ദലിതരും ആദിവാസികളും നാല് ജാതിക്ക് പുറത്തുള്ള അവർണരും അഹിന്ദുക്കളുമാണ്. 'പട്ടിക ജാതിക്കാർ' (Scheduled Casts), 'പട്ടികവർഗക്കാർ' (Scheduled Tribes) എന്നിങ്ങനെ രണ്ടു വിഭാഗങ്ങളുണ്ട്. പിന്നാക്കക്കാരെല്ലാം പട്ടിക ജാതിക്കാരാണെങ്കിൽ പിന്നെ പട്ടിക വർഗത്തിന്റെ ആവശ്യമുണ്ടായിരുന്നില്ലല്ലോ. യഥാർഥത്തിൽ ഹിന്ദുമതത്തിലെ പിന്നാക്ക ജാതിക്കാരെ 'പട്ടിക ജാതി'യാക്കിയപ്പോൾ ഹിന്ദുമതത്തിന് പുറത്തുള്ള പിന്നാക്കക്കാരെ പട്ടിക വർഗക്കാരാക്കുകയാണുണ്ടായത്. ആദിവാസികൾ പട്ടിക വർഗക്കാരാണ്. ട്രൈബ്സ് (Tribes) എന്നാൽ വെറും വർഗമല്ല, ഗിരിവർഗമാണ്.

3. പാണർ ഉൾപ്പെടെ ഇന്ന് ആദിവാസികളായി അറിയപ്പെടുന്ന പലരും ആര്യാധിനിവേശത്തിന് മുമ്പ്, നാട്ടുഭരണാധികാരികളായിരുന്ന ഗോത്രത്തലവന്മാരുടെ സദസ്സുകളിൽ സ്ഥാനമുള്ളവരും ഭരണകാര്യങ്ങളിൽ പങ്കാളികളുമായിരുന്നു. ആര്യാധിനിവേശത്തോടെ അവരിലൊരു വിഭാഗം ഹൈന്ദവവത്കരിക്കപ്പെടുകയും അതിന് സന്നദ്ധരല്ലാത്തവരെ കാട്ടിലേക്ക് ആട്ടിയോടിക്കുകയുമാണ് ചെയ്തത്. ചരിത്രകാരനായ എം.ജി.എസ് നാരായണൻ അർഥശങ്കക്കിടയില്ലാത്ത വിധം ഇത് വിശദീകരിച്ചിട്ടുണ്ട്. "ദക്ഷിണേന്ത്യയിലെ ഗോത്രസമൂഹം ഫ്യൂഡൽവൽക്കരിക്കുന്ന പ്രക്രിയയോടൊപ്പമാണ് ഇവിടെ ആര്യവൽക്കരണം അഥവാ ഹൈന്ദവവൽക്കരണം നടന്നത്.



സംഘ്പരിവാറിന്റെ മതപരിവർത്തന സംഗമം

**ആദിവാസികളെ കാവിവത്കരിക്കാനിറങ്ങിയ സംഘ്പരിവാർ ഉയർത്തിയ പ്രധാനപ്പെട്ട വാദമാണ് ഗിരിവർഗക്കാർ 'ആദിവാസി'കളല്ല, 'വനവാസി'കളാണ് എന്നത്. ഗിരിവർഗക്കാരെ ആദിവാസികൾ എന്ന് വിളിക്കരുത്. വനവാസികൾ എന്നേ പറയാവൂ. 'ഇന്ത്യയിൽ പടയോട്ടം നടത്തിയ മുസ്‌ലിം ഭരണാധികാരികളുടെയും ഇന്ത്യ ഭരിച്ച ബ്രിട്ടീഷ് ക്രിസ്ത്യൻ സാമ്രാജ്യത്വത്തിന്റെയും ആക്രണങ്ങളും നിർബന്ധിത മതപരിവർത്തനവും ഭയന്ന് കാട്ടിൽ അഭയം തേടിയവരാണവർ.' ഇതാണ് സംഘ് വാദം.**

ഇത് ബി.സി അഞ്ചാം ശതകത്തിലോ ആറാം ശതകത്തിലോ ആരംഭിക്കുകയും ഡക്കാൻ പീഠഭൂമിയിലും ബി.സി 2-3 ശതകങ്ങളിൽ തമിഴകത്തിന്റെ അതിർത്തിയോളവും വ്യാപിച്ച മൗര്യസാമ്രാജ്യത്തിന്റെ വളർച്ചയോടെ ശക്തിപ്പെടുകയും ചെയ്തു എന്നു കരുതാം. ഹൈന്ദവ സൈനിക ശേഷിയെ പ്രതിനിധീകരിച്ച മൗര്യ-ശതവാഹന-ഗുപ്ത സാമ്രാജ്യങ്ങൾക്ക് പുരാതന തമിഴകം കീഴടക്കുവാനായില്ല. ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നതുപോലെ ചൂഷണമോ അടിച്ചമർത്തലോ കൂടാതെ സാംസ്കാരിക അധിനിവേശമാണ് ഇവിടെ നടന്നത്. ആര്യൻ സമൂഹത്തിലേക്ക് 'മാറ്റപ്പെട്ട' ഗോത്രത്തലവന്മാർക്ക് ക്ഷത്രിയ പദവി നൽകപ്പെട്ടു. കൊട്ടാരകവികളും പണ്ഡിതന്മാരും ഇക്കൂട്ടരെ രാമായണ-മഹാഭാരതകാലത്തെ നായകന്മാരുടെ കുടുംബപരമ്പരയിൽ വിളക്കിച്ചേർക്കുകയായിരുന്നു. ഗോത്രത്തലവന്മാർ ആര്യവവത്കരിക്കപ്പെടുകയോ ഹൈന്ദവവത്കരിക്കപ്പെടുകയോ ചെയ്തുവെന്ന് ചുരുക്കം. ഗോത്രത്തലവന്മാരുടെ താഴെതട്ടുകളിലും ആര്യൻ സ്വാധീനം സംക്രമിച്ചു. ഗോത്രത്തലവന്മാരുടെ സദസ്സുകളിൽ സ്ഥാനം പിടിച്ച ബ്രാഹ്മണ പുരോഹിതർ പാണന്മാർ, വേലന്മാർ, വീരാളികൾ എന്നിവർക്കുണ്ടായിരുന്ന സ്ഥാനങ്ങളാണ് നേടിയെടുത്തത്. ഗോത്രമുഖ്യന്മാരിൽ ബ്രാഹ്മണൻ ചെലുത്തിയ സ്വാധീനത്തിന്റെ ആധിക്യത്തിൽ പാരമ്പര്യ വൈദ്യം കലാപ്രവർത്തനങ്ങൾ എന്നവയിലേർപ്പെട്ടിരുന്ന വിഭാഗങ്ങൾ പുറംതള്ളപ്പെട്ടു. വൈദിക ചടങ്ങുകളും ഉപനിഷത്ത് ദർശനവും പുരാണേതിഹാസങ്ങളും മാത്രം ഉപയോഗിച്ചല്ല, അർഥശാസ്ത്രത്തിൽ പ്രതിപാദിച്ച രാഷ്ട്രീയ കൗശലങ്ങളും പ്രയോഗിച്ചാണ് ഈ മനഃശാസ്ത്രപരമോ ആത്മീയമോ ആയ കടന്നുകയറ്റങ്ങൾ നടന്നത്. ഇന്നത്തെ ഗോത്രവർക്കാർ ചിത്രത്തിൽ വരുന്നത് എപ്പോഴാണ്? പഴയ ഗോത്രസമൂഹം മേലാളരും കീഴാളരുമായി വിഭജിക്കപ്പെടുകയായിരുന്നു. ആര്യൻ സ്വാധീനത്തിൽ പെട്ടവർ ക്ഷത്രിയ-അമ്പലവാസി-നായർ-ചെട്ടി എന്നീ പുനഃസംഘടിപ്പിക്കപ്പെട്ട സമൂഹങ്ങളായി വിവിധകാലഘട്ടങ്ങളിൽ പരിണമിച്ചു. ഭാഷാപരവും ആചാരവും തൊഴിൽപരവും സംസ്കാരപരവുമായി തനിമ നിലനിർത്തിപോന്ന അവശിഷ്ട സമൂഹത്തിൽനിന്ന് ഇപ്പറഞ്ഞ വിഭാഗ

ങ്ങൾ ഭിന്നിച്ച് വേർപ്പെട്ടു. ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും പ്രാന്തപ്രദേശങ്ങളിൽ ജീവിച്ച് വീട്ടുവേലകളും കൂലിപ്പണിയും ചെയ്തുപോന്നവരും കാടുകളിലും കുന്നിൻ പ്രദേശങ്ങളിലും അഭയംതേടി കഴിഞ്ഞുകൂടിയിരുന്നവരുമാണ് നിർഭാഗ്യവാന്മാരായ രണ്ടു വിഭാഗക്കാർ. അടിയാന്മാരും അടിമകളുമായി ജീവിക്കാൻ വിധിക്കപ്പെട്ടവർ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായി അടിച്ചമർത്തലുകൾക്ക് വിധേയരായപ്പോൾ, വനഗോത്രക്കാർ പരോക്ഷമായാണ് അടിച്ചമർത്തലിനും ചൂഷണങ്ങൾക്കും വിധേയരായത്. നാഗരികർ കാട്ടുജാതിക്കാരെ സാമ്പത്തികമായി ചൂഷണം ചെയ്തിരുന്നെങ്കിലും അവരുടെ പാരമ്പര്യ വിശ്വാസങ്ങളിൽ കൈകടത്തിയിരുന്നില്ല (കാട്ടുജാതിക്കാരുടെ അഥവാ ആദിവാസികളുടെ പാരമ്പര്യ വിശ്വാസങ്ങളും ഹിന്ദുമത വിശ്വാസങ്ങളും രണ്ടായിരുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു-ലേഖകൻ). സംഘകാലത്തിനു ശേഷം ആര്യവൽക്കരിക്കപ്പെടുകയോ ഹൈന്ദവവൽക്കരിക്കപ്പെടുകയോ ചെയ്യാതിരുന്ന ഗോത്രങ്ങളുടെ സ്തംഭനം നടന്നത് അക്കൂട്ടരുടെ ശാരീരികവും ബൗദ്ധികവുമായ ശേഷിക്കുറവിന്റെ സ്വാഭാവിക പരിണതി എന്ന നിലക്കല്ല. ചൂഷണംമൂലം ഗതിമുട്ടിപ്പോയ വികസനമാണ് അതിനു കാരണം. സമതലത്തിലെ വികസിത സമൂഹവും വനാന്തരങ്ങളിലെ അവികസിത സമൂഹവും ആര്യൻ അഥവാ ഹിന്ദു സംസ്കാരത്തിന്റെ തെളിമയാർന്നതും ഇരുണ്ടതുമായ രണ്ടു വർഗങ്ങളാണ്. ഗോത്രവർഗക്കാരുടെ സ്തംഭനാവസ്ഥയും നാഗരിക സമൂഹത്തിൽ തന്നെയുള്ള വലിയൊരു വിഭാഗത്തിന്റെ അടിമത്തവും ജാതി അധിഷ്ഠിത സാമൂഹിക ക്രമത്തിന് ഇന്ത്യൻ സംസ്കാരം നൽകേണ്ടിവന്ന വലിയ വിലയാണ്." (An Essay submitted in the Seminar on Tribes of Kerala- 1978 by M.G.S Narayanan. ഉദ്ധരണം: 1970കളിലെ ആദിവാസി സമരങ്ങൾ, കേരള വനവാസി കേന്ദ്രം, കോട്ടൂളി, കോഴിക്കോട് -673016, പേജ് 13-16, സംഗ്രഹം).

ആദിവാസിപ്രശ്നങ്ങളെക്കുറിച്ച് ഇപ്പോൾ സംഘ്പരിവാർ ഉന്നയിക്കുന്ന വാദങ്ങളുടെ മുനയൊടിക്കുന്നതാണ് എം.ജി.എസ്സിന്റെ ഈ ഉദ്ധരണി. ആദിവാസികൾ ഹിന്ദുമതക്കാരല്ലെന്നും ആര്യ ബ്രാഹ്മണിക ഹിന്ദുമതമാണ് ആദിവാസികളെ വനവാസികളാക്കിയതെന്നും വ്യക്തം.

4. ഹിന്ദുമതത്തിന്റെ സാമൂഹികഘടന ജാതിയധിഷ്ഠിതമാണ്. ആര്യന്മാർ ഇന്ത്യയിൽ വരുന്നതിനു മുമ്പ് ഇവിടെയുണ്ടായിരുന്ന ജനങ്ങളിൽ ജാതിസമ്പ്രദായം ഉണ്ടായിരുന്നില്ല. ഉത്തരേന്ത്യൻ സമൂഹത്തിൽ, ആര്യാധിനിവേശപൂർവ സമൂഹത്തിൽ ജാതി ഉണ്ടായിരുന്നുവെന്നതിന് ചരിത്രരേഖകൾ പിൻബലം നൽകുന്നില്ല. ദക്ഷിണേന്ത്യയിലെ ജനങ്ങൾക്കിടയിലും ആദികാലത്ത് ജാതിസമ്പ്രദായം ഉണ്ടായിരുന്നില്ലെന്നതിന് വ്യക്തമാക്കുന്ന തെളിവുകളുണ്ട്. ജാതി ഉത്തരേന്ത്യയിലെ ആര്യബ്രാഹ്മണ പുരോഹിതരുടെ സൃഷ്ടിയാണ്. അവരിൽ കൂടിയാണത് മറ്റുദേശങ്ങളിലേക്ക് വ്യാപിച്ചത്. ആര്യന്മാരുടെ കുടിയേറ്റകാലത്ത് ഇന്ത്യയിൽ അനേകം കുലങ്ങളും രാജ്യങ്ങളുമുണ്ടായിരുന്നു. അവയിൽ ചിലതിനെ തോൽപിച്ചാണ് ആര്യന്മാർ ചില രാജ്യങ്ങളുടെ ഉടമകളായിത്തീർന്നത്. മറ്റു ചില പ്രബല കുലങ്ങൾ ആര്യന്മാരെ എതിർത്തുനിന്നു. ദസ്യുക്കൾ, രാക്ഷസർ, യക്ഷന്മാർ എന്നൊക്കെ വിളിച്ചിരുന്ന അവരെ ആര്യന്മാർ ഭയപ്പെട്ടു. ഋഗ്വേദത്തിലെ ചില മന്ത്രങ്ങൾ ഇതിന്റെ തെളിവാണ് (ഋഗ്വേദം വാള്യം 1, സൂക്തം 704, 804, 171-6 വ്യാഖ്യാതാക്കൾ വി. ബാലകൃഷ്ണൻ, ആർ. ലീലാവതി). ഈ ദസ്യുക്കുൾക്കുമേൽ ആധിപത്യം സ്ഥാപിക്കാനായി ആര്യന്മാർ കണ്ടുപിടിച്ചതാണ് ജാതിയും മതവും. ആര്യന്മാരുടെയും പൂർവ നിവാസികളുടെയും ആചാരാനുഷ്ഠാനങ്ങളെയും ദൈവങ്ങളെയും തമ്മിൽ ബന്ധിപ്പിച്ചും കൂട്ടിച്ചേർത്തുമാണ് ബ്രാഹ്മണമതം സൃഷ്ടിക്കപ്പെട്ടത്. അതാണ് പിന്നീട് ഹിന്ദുമതമായിത്തീർന്നത്. കുറഞ്ഞ കാലം കൊണ്ട് ഉത്തരേന്ത്യയിൽ പല സ്ഥലങ്ങളിലും ബ്രാഹ്മണമതത്തിന് പ്രചാരം സിദ്ധിച്ചു. ആര്യന്മാരുടെ ശത്രുക്കളായിരുന്ന അനാര്യ രാജാക്കന്മാർ പോലും 'മതപരിവർത്തനത്തിലൂടെ ഹിന്ദുമതക്കാരായി'ത്തീർന്നു. മതംമാറാൻ കൂട്ടാക്കാത്തവരെ ആ മതം വിഭാവനം ചെയ്യുന്ന ജാതികൾക്കു പുറത്തുള്ളവരും നീചന്മാരുമാക്കി അകറ്റിനിർത്തി. ഏതാനും ആര്യബ്രാഹ്മണ പുരോഹിതർ മതപ്രചാരണത്തിനായി ദക്ഷിണേന്ത്യയിൽ വന്നു. അവരുടെ പ്രചാരണത്തിന്റെ ഫലമായി ആന്ധ്ര, കർണാടക മുതലായ ദേശങ്ങളിൽ അനേകർ 'ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടു.'കർണാടകത്തിലെ കദംബന്മാർ ബ്രാഹ്മണമതം സ്വീകരിച്ചതോടെ കർണാടകത്തിലെ പ്രധാനമതം എന്ന സ്ഥാനം ഹിന്ദുമതത്തിന് ലഭിച്ചു. കദംബരാജാവായ മയൂരശർമൻ ബ്രാഹ്മണരെ ദേശത്തിന്റെ പ്രധാന സ്ഥലങ്ങളിൽ കുടിയിരുത്തുകയും അവർക്കുവേണ്ടി വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തു. കർണാടക വഴി തമിഴകത്തിൽ പ്രവേശിച്ച പുരോഹിതന്മാർക്ക് തമിഴ് രാജാക്കന്മാരെ മതംമാറ്റാൻ കഴിഞ്ഞു. തുടർന്ന് കേരളത്തിലും ഏതാനും ബ്രാഹ്മണ പുരോഹിതന്മാർവന്നു. അവരുടെ സാന്നിധ്യത്തിൽ ഒരു വിഭാഗം ബ്രാഹ്മണ മതം സ്വീകരിച്ച് ബ്രാഹ്മണരായി. പുരോഹിതന്മാർ ക്രമേണ രാജാക്കന്മാരെ സ്വാധീനിച്ച് മതംമാറ്റി. മതം മാറിയ രാജാക്കന്മാരും അവരുടെ കുടുംബങ്ങളും പുതിയ മതത്തിന്റെ പ്രതിനിധികളും വക്താക്കളുമായിത്തീർന്നു. മറ്റൊരു വിഭാഗം ജനങ്ങൾ കൂട്ടത്തോടെ ഹിന്ദുമതക്കാരായി. പക്ഷേ, അവരെ ആദ്യത്തെ രണ്ടു കൂട്ടരും അംഗീകരിക്കാനോ തങ്ങൾക്കൊപ്പം സ്ഥാനം കൊടുക്കാനോ തയാറായില്ല. അതുകൊണ്ട് വ്യവസ്ഥയനുസരിച്ച് അവരെ ശൂദ്രന്മാരാക്കി.

ആദ്യകാലത്ത് കേരളീയരും തമിഴരും ബ്രാഹ്മണ മത വിരോധികളായിരുന്നു. ഉത്തര ഭാരതത്തിൽ ജീവിച്ചിരുന്ന ആര്യ പുരോഹിതനായ മനുവും ഐരേയ ആരണ്യകർത്താവും അത് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സംസ്കൃതമോ ആര്യ ഭാഷാഗോത്രത്തിൽപെട്ട മറ്റേതെങ്കിലും ഭാഷയോ മാതൃഭാഷയാക്കിയ ഒരു ജാതി പോലും ഇന്നോളം കേരളത്തിൽ ജീവിച്ചിരുന്നില്ല. ഹിന്ദുമതം നാല് ജാതികളെയാണ് വിഭാവനം ചെയ്യുന്നത്- ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ. കേരളത്തിൽ വൈശ്യർ എന്നൊരു ജാതി ഉണ്ടായില്ല. കേരളത്തിൽ ഹിന്ദുക്കൾ എന്നു പറയാവുന്നവർ ബ്രാഹ്മണരും അമ്പലവാസികളും വർമമാരും ശൂദ്രരും മാത്രമായിരുന്നു. ശേഷിച്ച ഭൂരിപക്ഷം വരുന്ന ജനങ്ങൾ ഹിന്ദുക്കളായിരുന്നില്ല. ഹിന്ദുമതത്തിനു ചാതുർവർണവ്യവസ്ഥക്ക് പുറത്തുനിന്നവരെ ജാതിഹിന്ദുക്കൾ 'അവർണർ' എന്നു വിളിച്ചു. അവർണരെ ആരാധന നടത്തുന്നതിനോ വിദ്യാഭ്യാസം ചെയ്യുന്നതിനോ അനുവദിച്ചിരുന്നില്ല. എന്നാൽ, കാലാന്തരത്തിൽ അവർണർ ചരിത്രം വിസ്മരിച്ചു. അവർ പിന്നീട് ഹിന്ദുക്കളാണെന്ന് സ്വയം അവകാശപ്പെട്ടു. ക്ഷേത്ര പ്രവേശനത്തിനു വേണ്ടി വാദിച്ചു. സമരങ്ങളും നടത്തി. ക്ഷേത്ര പ്രവേശനം അനുവദിക്കപ്പെട്ടു. അതോടുകൂടി അവർണ ജാതിക്കാർ ഹിന്ദുക്കളും ഹിന്ദുമതത്തിലെ ജാതികളുമായിത്തീർന്നു (*പ്രാചീന കേരള ചരിത്രസംഗ്രഹം*, പേജ് 153-167, ജാതി വ്യവസ്ഥിതിയും കേരള ചരിത്രവും-പി.കെ ബാലകൃഷ്ണൻ, *ദക്ഷിണ ഭാരത ചരിത്രം*-കെ.എ നീലകണ്ഠശാസ്ത്രി എം.എ, വിവർ

ത്തനം എം. ദിവാകരൻ, *ദക്ഷിണ ഇന്ത്യാ ചരിത്രം*-എം. ശ്രീധരമേനോൻ എം.എ). ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്യാതെ മാറിനിന്നവരാണ് ഇന്നത്തെ ആദിവാസികൾ എന്നും അവർ ഹിന്ദുക്കളായിരുന്നില്ലെന്നും *പ്രാചീന കേരള ചരിത്ര സംഗ്രഹ*ത്തിലെ വിവരണത്തിൽനിന്ന് തെളിയുന്നുണ്ട്.

5. വിക്കീപീഡിയ എൻസൈക്ക്ളോപീഡിയയിൽ ആദിവാസികളുടെ മതത്തെക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ട്. ആദിവാസികൾ ഹിന്ദുക്കളല്ല എന്നാണ് അതിൽ തറപ്പിച്ചുപറയുന്നത്. ആദിവാസികൾ ശൈവ (Shaiva) മതക്കാരായിരുന്നു. ചില യുറോപ്യൻ ചിന്തകരും ഇന്ത്യൻ സാമൂഹിക ശാസ്ത്രജ്ഞരും അവരെ 'സർവജീവത്വവാദികൾ' (Animists-അചേതന വസ്തുക്കളിൽ ദൈവചൈതന്യം ഉണ്ടെന്ന് വിശ്വസിക്കുന്നവർ) എന്നും 'പ്രേതാരാധകർ' (Spirit worshipers) എന്നും വിളിച്ചിട്ടുണ്ട്.

ഒറീസ, ഛത്തീസ്ഗഢ്, ജാർക്കണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിലെ ആദിവാസികളുടെ മതം 'ശരണ' (sarana) എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. വൈദിക ഹിന്ദുമതത്തിൽനിന്ന് ഏറെ വ്യത്യസ്തമായ, താന്ത്രിക് ശൈവ മത(Tantric Shaivism)ത്തോട് ഏറെ അടുത്തുനിൽക്കുന്നതാണ് ആദിവാസി മതസങ്കൽപം. എന്നാൽ ഇന്ത്യാ ഗവൺമെന്റിന്റെ രേഖകളിൽ ഹിന്ദുമതത്തിൽ പെട്ടവരായാണ് ആദിവാസികളെ എണ്ണിയിട്ടുള്ളത്. അത് അവർ ഹിന്ദുമതക്കാരായതുകൊണ്ടല്ല, മറിച്ച് ഇസ്‌ലാം, ക്രിസ്തുമതം, ബുദ്ധ-ജൈനമതങ്ങൾ, സിഖു മതം തുടങ്ങിയ മതങ്ങളിൽ പെടാത്തവരെന്ന നിലക്ക് അവരെ ഹിന്ദുമതക്കാരായി രേഖപ്പെടുത്തുകയാണുണ്ടായത്. ഇതിലെ അസാംഗത്യം പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ട് (www.wikipeadia.org/wiki/adivasi)

6. ആദിവാസികളിലെ ഒരു വിഭാഗമാണ് നായാടികൾ. കേരളത്തിലെ പല ഭാഗങ്ങളിലും ഇവരുണ്ടായിരുന്നു. നായാടികൾ എന്ന് ഇവർക്ക് പേരുവരാൻ കാരണം ഇവർ കാട്ടിൽ പോയി നായാടുന്നതുകൊണ്ടല്ല; ഇവരെ മറ്റുള്ളവർ നായാടിയിരുന്നതുകൊണ്ടാണ്. അതായത്, സവർണജാതി ഹിന്ദുക്കൾ ഇവരെ മൃഗങ്ങളെപ്പോലെ നായാടിയിരുന്നു. ആട്ടിയോടിച്ചിരുന്നു. ഇവരെ ദൃഷ്ടിയിൽ പെടാൻ പാടില്ലാത്തവരായി കണ്ടിരുന്നു. 'നായാടിയെ കണ്ടുപോയ പാപത്തിന് നമ്പൂതിരിമാർ വിരൽമുറിച്ച് ചോര കളയണം' എന്നായിരുന്നു നടപ്പ് (*വിശ്വവിജ്ഞാനകോശം* വാള്യം 1, പേജ് 822).


ആർ.എസ്.എസ്സിന്റെ മതപരിവർത്തനത്തിന് വിധേയരായ ആദിവാസികൾ

**പാണർ ഉൾപ്പെടെ ഇന്ന് ആദിവാസികളായി അറിയപ്പെടുന്ന പല ആദിവാസികളും ആര്യാധിനിവേശത്തിന് മുമ്പ്, നാട്ടുഭരണാധികാരികളായിരുന്ന ഗോത്രത്തലവന്മാരുടെ സദസ്സുകളിൽ സ്ഥാനമുള്ളവരും ഭരണകാര്യങ്ങളിൽ പങ്കാളികളുമായിരുന്നു. ആര്യാധിനിവേശത്തോടെ അവരിലൊരു വിഭാഗം ഹൈന്ദവവത്കരിക്കപ്പെടുകയും അതിന് സന്നദ്ധരല്ലാത്തവരെ കാട്ടിലേക്ക് ആട്ടിയോടിക്കുകയുമാണ് ചെയ്തത്. ചരിത്രകാരനായ എം. ജി. എസ് നാരായണൻ അർഥശങ്കക്കിടയില്ലാത്തവിധം ഈവിഷയം വിശദീകരിച്ചിട്ടുണ്ട്.**

നായാടികൾ ആര്യ ബ്രാഹ്മണിക ഹിന്ദുമതത്തിൽ പെട്ടവരായിരുന്നെങ്കിൽ എന്തിന് ജാതിഹിന്ദുക്കൾ അവരെ പീഡിപ്പിച്ചു നായാടി? ഹൈന്ദവ സമൂഹത്തിൽ പെട്ട നാല് വർണങ്ങളുടെയും പുറത്ത് എന്തിനവരെ നിർത്തി? ബ്രാഹ്മണാധികാര ശക്തിക്കും വർണാശ്രമ വ്യവസ്ഥക്കും പുറത്തുള്ള ആദിവാസികൾക്ക് തങ്ങളുടെതായ വിശ്വാസവും ആചാരങ്ങളുമുണ്ട്. മുള്ളുവക്കുറുമാരുടെ ദേവൻ 'കരികപ്പനാ'ണ്. കാടരുടെ ദേവൻ 'മലകാരിയും'. മറ്റൊരു ആദിവാസി ദേവനാണ് 'കരിയാത്തൻ'. തെയ്യാട്ടം, തിറയാട്ടം തുടങ്ങിയ കോലം കെട്ടിയാടലും ആദിവാസികളുമായി കൂടി ബന്ധപ്പെട്ടവയാണ്. ഇതൊന്നും ആര്യബ്രാഹ്മണിക ഹിന്ദുമതത്തിലുണ്ടായിരുന്നില്ല. സവർണ ഹിന്ദുമതത്തിലെ പുണ്യഗ്രന്ഥങ്ങൾ ആദിവാസികൾക്ക് പുണ്യഗ്രന്ഥങ്ങളല്ല. ഉദാഹരണമായി രാമായണം. ആദിവാസികൾ രാമായണത്തെ ഒരു പുണ്യഗ്രന്ഥമായി ഇന്നും കാണുന്നില്ല. (*സവർണമതത്തിലെ ഹിംസ*, ദലിത് ബുക്സ്, കോഴിക്കോട്) വൈദികഹിന്ദുമതത്തിനു മുമ്പ് സമത്വാദർശം പുലർത്തിയിരുന്ന ഒരു മതം ഇവിടെ ഉണ്ടായിരുന്നു. 'ആദിദ്രാവിഡ മത'മെന്നോ 'ആദി ധർമ'മെന്നോ അതിനെ വിളിക്കാം. ആ മതത്തിൽ വിശ്വസിച്ചവരാണ് ആര്യാധിനിവേശത്തിനു മുമ്പ് ഇവിടം ഭരിച്ചത്. ആദി ദ്രാവിഡ മതക്കാരെ കീഴടക്കിയ ആര്യന്മാരാണ് ജാതിവ്യവസ്ഥയിലധിഷ്ഠിതമായ ആര്യഹിന്ദുമതം ഇവിടുത്തുകാർക്ക് മേൽ അടിച്ചേൽപിച്ചത്. 1931ൽ നടന്ന സെൻസസിൽ അധഃകൃത വിഭാഗങ്ങളെ വരെ 'ആദിധർമികൾ' എന്ന പേരിലാണ് ഉൾപ്പെടുത്തിയത്; ഹിന്ദുക്കളായല്ല (*ദലിത് സാഹിത്യ പ്രസ്ഥാനം*, കെ.സി പുരുഷോത്തമൻ, കേരള സാഹിത്യ അക്കാദമി പേജ് 22,43).

അടുത്തലക്കത്തിൽ:

**വർഗീയതയുടെ വിഷസൂചികൾ**

sadarvzkd@yahoo.co.in